Draft #3 of File 13418/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I ADMINISTRATION on 24-Jun-2019 12:43 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിലെ വിദ്യാർത്ഥിനികളുടെ രാത്രി കാല സുരക്ഷയ്ക്ക് വേണ്ടി സ്വീകരിക്കാവുന്ന മുൻ കരുതലുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 2839/AD A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.06.2019

---

പരാമർശം:-1. സ.ഉ.(സാധാ) നം.539/2019/ഉ.വി.വ. തീയതി, 07.04.2019

2. പുറത്തെഴുത്ത് നം. 13418/AD A3/4/2019/ADMIN തീയതി. 13.06.2019

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളുടെയും/സർവ്വകലാശാലകളുടെയും നിയന്ത്രണത്തിൽ വരുന്ന വനിതാ ഹോസ്റ്റലുകളിലെ വിദ്യാർഥിനികൾക്ക് അവരുടെ കോളേജുകളിലെയും/സർവ്വകലാശാലകളിലെയും ലാബ്/ലൈബ്രറി സൗകര്യങ്ങൾ, ആൺകുട്ടികളെപോലെ തന്നെ പെൺകുട്ടികൾക്കും പ്രയോജനപ്പെടുത്തുന്നതിനായി വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റലുകളിൽ വൈകുന്നേരം തിരികെ പ്രവേശിക്കാനുള്ള സമയം ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അതേ സമയക്രമം തന്നെ പാലിച്ച് രാത്രി 9.30 വരെ ആയി ദീർഘിപ്പിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പരാമർശം 2 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

അതോടൊപ്പം ക്യാമ്പസ്, സ്കൂൾ, ഹോസ്റ്റൽ എന്നിവിടങ്ങളിൽ വിദ്യാർത്ഥിനികളുടെ സഞ്ചാരത്തിന് ആവശ്യമായ വെളിച്ചവും സുരക്ഷക്കുള്ള മുൻകരുതലുകളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി രജിസ്ട്രാറെ ചുമതലപ്പെടുത്തിക്കൊണ്ടു ബഹു. വൈസ് ചാൻസലർ (i/c) ഉത്തരവായിരിരുന്നു.

അതിൻപ്രകാരം സെക്യൂരിറ്റി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ സമർപ്പിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സുരക്ഷാ ജീവനക്കാരുടെ ആവശ്യം വേണ്ടിവരുമ്പോൾ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ (Security Officer,Assistant Security Officer,Guard Room) ഹോസ്റ്റൽ നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തുന്നതിനും രാത്രി 9.30നു തന്നെ കുട്ടികൾ ഹോസ്റ്റലിൽ കയറുന്നതിന് നിർദ്ദേശം

നൽകുന്നതിനും എല്ലാ കുട്ടികളും കൃത്യസമയത്ത് ഹോസ്റ്റലിൽ എത്തിയെന്ന് ഉറപ്പ് വരുത്തുന്നതിനും ഏതെങ്കിലും കുട്ടി രാത്രി 9.30 കഴിഞ്ഞും ഹോസ്റ്റലിൽ എത്തിയില്ലായെങ്കിൽ ടി വിവരം സർവകലാശാല അധികാരികളെ അറിയിക്കുന്നതിനും ഹോസ്റ്റൽ വാർഡനെ ചുമതലപ്പെടുത്തുന്നു.

2. ക്യാമ്പസ്സിൽ എല്ലാ സ്ഥലങ്ങളിലും സെക്യൂരിറ്റി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ലൈറ്റുകളുടെ മെയിൻറ്റനൻസ് 100% ഉറപ്പ് വരുത്തുന്നതിനും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തുന്നു.
3. പെട്രോളിംഗ് ഡ്യൂട്ടിക്കായി മാത്രം 2 സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിനും പെട്രോളിംഗ് കർശനമായി നടപ്പിലാക്കുന്നതിനും സെക്യൂരിറ്റി ഓഫീസർക്ക് നിർദ്ദേശം നൽകുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ .ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 . രജിസ്ട്രാർ/എഫ് ഒ/സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. സെക്യൂരിറ്റി ഓഫീസർ / സർവകലാശാല എഞ്ചിനീയർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ/സിറ്റാഡ്/സി.എം.എസ്(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യൂ.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III / എ ഡി ബി 7
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 13418/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I ADMINISTRATION on 24-Jun-2019 12:43 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം